**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3536 20.06.2018 ൽ മറുപടിക്ക്

## ഡയാലിസിസ് കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കമ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | വിശദ വിവരം ചുവടെ ചേർക്കുന്നു<br>**1.** കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചാലിശ്ശേരി - 4 മെഷീൻ (ലഭ്യമാണ്)<br>**2.** കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൊണ്ടോട്ടി - 16 മെഷീൻ (ലഭ്യമാണ്)<br>**3.** കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മറാഞ്ചേരി - 6 മെഷീൻ (ലഭ്യമാണ്)<br>**4.** കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചുങ്കത്തറ - 9 മെഷീൻ (ലഭ്യമാണ്)<br>**5.** പ്രൈമറി ഹെൽത്ത് സെന്റർ, ഈരാറ്റുപേട്ട – 4 മെഷീൻ (പ്രവർത്തിക്കുന്നില്ല) |
| (ബി) | ഇല്ലെങ്കിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ; | (ബി) | താലൂക്ക് ആശുപത്രി തലം വരെയേ ഡയാലിസിസ് സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുള്ളൂ. |
| (സി) | സന്നദ്ധ സംഘടനകൾക്ക് സ്വന്തം ചെലവിൽ സി.എച്ച്.സി./പി.എച്ച്.സി. യിലെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി ഡയാലിസിസ് കേന്ദ്രം തുടങ്ങാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | (സി) & (ഡി) | ഇതു സംബന്ധിച്ച യാതൊരപേക്ഷകളും സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ഡി) | ഇത്തരത്തിൽ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ സി.എച്ച്.സി./പി.എച്ച്.സി.കളിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ; | | |
| (ഇ) | മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പി.എച്ച്.സി. യിൽ ഇത്തരത്തിൽ ഒരു ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിരുന്നോ; ഇതിൽ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ? | (ഇ) | പൂക്കോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കണമെന്ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത് പ്രായോഗികമല്ലാത്തതിനാൽ ഇക്കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ